118 (409) അന്താരാഷ്ട്ര മാർക്കറ്റ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കേന്ദ്രമാക്കി യൂറോപ്യൻ ഇക്കണോമിക് സമൂഹത്തിന്റെ സഹായത്തോടെ അന്താരാഷ്ട്ര മാർക്കറ്റിന് സർക്കാർ അനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ കെട്ടിടത്തിന്റെയും മറ്റും പണികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ;

(സി) ഈ മാർക്കറ്റിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നെടുമങ്ങാട് കേന്ദ്രമാക്കി യൂറോപ്യൻ ഇക്കണോമിക് സമൂഹത്തിന്റെ സഹായത്തോടെ അന്താരാഷ്ട്ര മാർക്കറ്റിന് 16.5.1992-ൽ സർക്കാർ അനുമതി നൽകി.

(ബി) ഇതിന്റെ പ്രധാന കെട്ടിടങ്ങളായ മാർക്കറ്റ് യൂണിറ്റിന്റെ പണികൾ 83% പൂർത്തിയായിട്ടുണ്ട്. റോഡ് മുതലായ മറ്റു പണികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) 28.2.2000-ന് മുമ്പ് പണി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ഉദ്യോഗസ്ഥൻമാരുടെ പ്രതിമാസ അവലോകന യോഗങ്ങൾ നടത്തിവരുന്നു.

119 (410) കാർഷിക ലോൺ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികലോൺ എഴുതിത്തള്ളുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര റബ്ബർ കർഷകരിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആലപ്പുഴയിലും തൃശ്ശൂരിലുമായി റബ്ബർ പ്ലാന്റേഷൻ പദ്ധതി പ്രകാരം എടുത്തതും എഴുതിത്തള്ളിയതുമായ ലോണിനെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്ലാന്റേഷൻ ലോണിന് അപേക്ഷിക്കുമ്പോൾ പ്ലാന്റേഷൻ നടത്തേണ്ട വസ്തു സെക്യൂരിറ്റിയായി ലോൺ നൽകുന്ന ഏജൻസിക്ക് പ്ലഡ്ജ് ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) എഴുതിത്തള്ളിയ കേസുകളിൽ ലോണിന് എന്തെങ്കിലും സെക്യൂരിറ്റി നൽകിയിരുന്നോ;

(ഇ) ലോണിന് സെക്യൂരിറ്റിയായി നൽകിയിരുന്ന പ്രോപ്പർട്ടി നഷ്ടമായത് ഏതു വിധത്തിലാണെന്ന് സംബന്ധിച്ച അന്വേഷണം നടത്തുകയുണ്ടായോ;

(എഫ്) എങ്കിൽ അന്വേഷണവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly